# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1219** **12.06.2014 ൽ മറുപടിക്ക്**

## മങ്കട നിയോജക മണ്ഡലത്തിൽ മാവേലി സ്റ്റോറുകൾ

**ചോദ്യം**
ശ്രീ. റ്റി.എ. അഹമ്മദ് കബീർ:

**ഉത്തരം**
**ശ്രീ. അനൂപ് ജേക്കബ്**
**(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

(എ) മങ്കട നിയോജകമണ്ഡലത്തിലെ കുറുവ ഗ്രാമ പഞ്ചായത്തിലെ പടപ്പറമ്പിലും , മങ്കട ഗ്രാമപഞ്ചായത്തിലെ കോഴിക്കോട്ടു പറമ്പിലും മാവേലി സ്റ്റോർ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവിടങ്ങളിൽ മാവേലി സ്റ്റോർ ആരംഭിക്കുവാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

(എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മങ്കട നിയോജക മണ്ഡലത്തിലെ കുറുവ ഗ്രാമപഞ്ചായത്തിൽ പടപറമ്പിൽ പുതിയ മാവേലി സ്റ്റോറിനുള്ള അനുമതി 06.03.2014 ന് പാലക്കാട് റീജിയണൽ മാനേജർക്ക് നൽകിയിട്ടുണ്ട്. ഈ മാവേലി സ്റ്റോറിന്റെ പ്രവർത്തനം ഉടൻ തന്നെ ആരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മങ്കട പഞ്ചായത്തിലെ കോഴിക്കോട് പറമ്പിൽ പുതിയ മാവേലിസ്റ്റോർ ആരംഭിക്കുന്നതിന് വേണ്ടിയുള്ള അപേക്ഷയിന്മേൽ അന്വേഷണം നടത്തി സാധ്യതാപഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. നിലവിൽ മങ്കട പഞ്ചായത്തിൽ മങ്കടയിൽ ഒരു മാവേലി സ്റ്റോർ പ്രവർത്തിച്ച് വരുന്നതിനാലും ജീവനക്കാരുടെ കടുത്ത അഭാവം നിലനിൽക്കുന്നതിനാലും പുതിയ മാവേലി സ്റ്റോറിനായുള്ള അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

Beena

**സെക്ഷൻ ഓഫീസർ**